# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1255 31.10.2019 -ൽ മറുപടിക്ക്**

**ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു; അതിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ 276 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്/സ്വീകരിച്ചു വരുന്നു. ഇതിൽ 9 ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ടിട്ടുണ്ട്; ഇവരിൽ 7 പേർ വിരമിച്ചവരാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ ജോലിയിൽ കൃത്രിമം കാണിച്ച കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കാമോ; | (ബി) | കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കുക, കരാർ ലൈസൻസ് റദ്ദാക്കുക, ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുക, കൃത്രിമം കാണിക്കുന്ന കരാറുകാരിൽ നിന്നും റെസ്റ്റോറേഷൻ തുക കണ്ടുകെട്ടുക, കാലാവധിക്കുള്ളിൽ ഉടമ്പടി വയ്ക്കാതെ പ്രവൃത്തിയിൽ നിന്നും പിൻമാറിയിട്ടുള്ള കരാറുകാരന്റെ EMD തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എത്ര കരാറുകാരുടെ ലൈസൻസ് റദ്ദാക്കി അവരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ M/s Concord Constructions, Kallatra |

compound, Railway Station Road, Kanhangad, Kerala എന്ന കരാറുകാരൻ ആലപ്പുഴ ജില്ലയിലെ റോഡുകളുടെ റീസർഫസിംഗ് ജോലികളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ദേശീയപാതാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ എഗ്രിമെന്റിൽ ഏർപ്പെട്ട പ്രവൃത്തി ഗ്യാരന്റി കാലാവധിക്ക് മുൻപ് തന്നെ റോഡുകൾ പൂർണ്ണമായും തകർന്നതിനാൽ കരാറുകാരന്റെ ലൈസൻസ് റദ്ദാക്കി കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. തുടർന്ന് ബഹു.കോടതി നിർദ്ദേശ പ്രകാരം ലൈസൻസ് ക്യാൻസലാക്കിയ പ്രക്രിയ പുനഃപരിശോധിച്ച് കരിമ്പട്ടികയിലായിരുന്ന മൂന്ന് വർഷത്തോളം കാലാവധി സസ്പെൻഷൻ കാലാവധിയായി കണക്കിലെടുത്ത് രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ട്.

ആലപ്പുഴ നിരത്ത് വിഭാഗത്തിനു കീഴിലെ WCNB റോഡ് നവീകരണത്തിന്റെയും, ചുങ്കം പാലത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.ശ്യാംരാജു എന്ന കരാറുകാരനെയും കോട്ടയം നിരത്ത് വിഭാഗത്തിന് കീഴിൽ ശ്രീ.ബ്ലസൻ ജോർജ്ജ് എന്ന കരാറുകാരനെയും പായിപ്പാട് - മാമൂട് റോഡിൽ ഓട നിർമ്മാണവും കലുങ്ക് പുനരുദ്ധാരണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടും ലൈസൻസ് റദ്ദാക്കി ബ്ലാക്ക് ലിസ്റ്റിൽ പ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിടവിഭാഗം സൗത്ത് സർക്കിളിനുകീഴിൽ 2 പേരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം പിഴയിനത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ ലൈസൻസ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് പിഴ ഈടാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തര വാദിത്തത്തിലാണ് പുനക്രമീകരിച്ചിട്ടുള്ളത്. WCNB റോഡ്, ചുങ്കം പാലം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 9,30,382.05/- രൂപ ശ്രീ.ശ്യാംരാജുവിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ശ്രീ.ബ്ലസൻ ജോർജ്ജ് എന്ന കരാറുകാരനിൽ നിന്നും റിസ്ക് കണക്കാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ തൃശ്ശൂർ ഡിവിഷനു കീഴിൽ പ്രവൃത്തിയിൽ കൃത്രിമം കാണിച്ചതിന് ശ്രീ.സി.കെ.ജേക്കബ് എന്ന കരാറുകാരന്റെ സെക്യൂരിറ്റി തുകയായ 87,400/- രൂപ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ നോർത്ത് സർക്കിളിന് കീഴിൽ EMD തുകയായ 1,00,000/- രൂപ (50,000X2) സർക്കാരിലേക്ക് പിഴയായി കണ്ടുകെട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ